**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2834** **28-02-2023 - ൽ മറുപടിയ്ക്ക്**

**കോട്ടൂർ-കാപ്പുകാട് ആന പരിപാലന കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടൂർ-കാപ്പുകാട് ആന പരിപാലന കേന്ദ്രത്തിന്റെ വികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവ ഏതൊക്കെ ഘട്ടത്തിലാണെന്നും വിശദമാക്കാമോ; | (എ) | കോട്ടൂർ-കാപ്പുകാട് ആന പരിപാലന കേന്ദ്രം അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് കിഫ്ബി ധനസഹായത്തോടെ പദ്ധതി നടപ്പിലാക്കിവരുന്നു. 50 ആനകളെ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ പാർപ്പിക്കുവാനുള്ള സൗകര്യം, കുട്ടിയാനകളുടെ പ്രത്യേക പരിചരണത്തിനുള്ള കേന്ദ്രം, ക്വാറൻറയിൻ സെൻറർ, വെറ്ററിനറി ഹോസ്പിറ്റൽ, പാപ്പാന്മാരുടെ താമസത്തിന് 40 പേർക്കുള്ള കുടുംബ ക്വാർട്ടേഴ്സുകൾ, 40 പേർക്കുള്ള ഡോർമിറ്ററി സൗകര്യം, ആനകൾക്ക് ഭക്ഷണം തയ്യാറാക്കുവാൻ വിശാലമായ കിച്ചൻ സൗകര്യം, ആനപിണ്ഡത്തിൽ നിന്ന് ക്രാഫ്റ്റ് പേപ്പർ നിർമ്മിക്കുവാനുള്ള സൗകര്യം, ആനകളെ ഒറ്റയ്ക്കും കൂട്ടമായും പാർപ്പിക്കുവാൻ 1 ഏക്കർ മുതൽ 5 ഏക്കർ വരെ വിസ്തൃതിയിൽ ചുറ്റും ഇരുമ്പുവേലി കെട്ടിത്തിരിച്ച എൻക്ലോഷറുകൾ, ഓരോ എൻക്ലോഷറിലും ആനക്കൊട്ടിൽ, കുളങ്ങൾ, കേന്ദ്രത്തിന് ചുറ്റിലും കാട്ടാനകളെ തടയുന്നതിനുള്ള സംരക്ഷണ വേലി, പാപ്പാൻമാർക്കുള്ള നൈറ്റ് ഷെൽട്ടർ തടയണകൾ, 2.2 കി.മീ. ഫോറസ്റ്റ് റോഡ്, പോസ്റ്റുമോർട്ടത്തിനും ജഡം സംസ്കരിക്കുന്നതിനുമുള്ള കേന്ദ്രം, ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനം തുടങ്ങിയ സൗകര്യങ്ങൾ 176 ഹെക്ടർ വനത്തിലാണ് ഒരുക്കിയിട്ടുള്ളത്. ഇതോടൊപ്പം അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, സ്റ്റാഫുകൾക്കും ഓഫീസർമാർക്കുമുള്ള താമസസൗകര്യം, വിശാലമായ പാർക്കിംഗ് കേന്ദ്രങ്ങൾ, റിസപ്ഷൻ കേന്ദ്രം, റിസർച്ച് ആൻറ് ട്രെയിനിംഗ് കേന്ദ്രം, 16000 ച. അടിയിൽ ആന മ്യൂസിയം, കഫറ്റീരിയ, ടോയ്ലറ്റ് ബ്ലോക്ക്, ട്രെയിനിമാർക്കുള്ള ഹോസ്റ്റലുകൾ, വൈദ്യുതി വിതരണത്തിന് രണ്ട് സബ്സ്റ്റേഷനുകൾ, വൈദ്യുതി വിതരണ ശൃംഖല, ജലശുദ്ധീകരണ പ്ലാൻറും ജലവിതരണ സംവിധാനവും, റോഡുകളുടെ |

| | | | |
|---|---|---|---|
| | | | പുന:രുദ്ധാരണം എന്നീ സൗകര്യങ്ങളും ഒരുക്കുന്നുണ്ട്. മേൽപ്പറഞ്ഞ എല്ലാ പണികളും 90 ശതമാനം പൂർത്തിയായി. |
| (ബി) | പ്രസ്തുത കേന്ദ്രത്തിന്റെ വികസനത്തിനായി എത്ര തുകയാണ് നിലവിൽ നീക്കി വച്ചിട്ടുള്ളതെന്നും അതിൽ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും അറിയിക്കാമോ? | (ബി) | പ്രസ്തുത കേന്ദ്രത്തിന്റെ ഒന്നാം ഘട്ടത്തിന് കിഫ്ബിയിൽ നിന്നും 2019 ഫെബ്രുവരിയിൽ 79.09 കോടി രൂപ അനുവദിച്ചു. ഇതുവരെ 50.42 കോടി രൂപ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ